2018-19

# ഉണർവ്

## അതിജീവിച്ച് ഉണർന്നവർ നമ്മൾ...

ഡിജിറ്റൽ മാഗസിൻ

സെന്റ് പോൾസ് ഹൈസ്കൂൾ,

നരിയാപുരം

ലിറ്റിൽ കൈറ്റ്സ് സംരംഭം

# ഉണർവ്

## ഡിജിറ്റിൽ മാസിക

## 2018-19



സെന്റ് പോൾസ് ഹൈസ്കൂൾ, നരിയാപുരം




സെന്റ് പോൾസ് ഹൈസ്കൂൾ, നരിയാപുരം

# ഉള്ളടക്കം



| | |
|---|---|
| സന്ദേശം | 4-6 |
| എഡിറ്റോറിയൽ | 7 |
| അതിജീവനത്തിന്റെ കേരളപാഠം | 8-10 |
| പത്തനംതിട്ട ജില്ലയുടെ ചരിത്രം | 11 |
| കാർട്ടൂൺ | 12 |
| ലോകം കണ്ടറിഞ്ഞ ആറന്മുളക്കണ്ണാടി | 13 |
| കവിത- ഭൂമിയുടെ സ്വപ്നങ്ങൾ | 14 |
| വായനയുടെ വളർത്തച്ഛൻ | 15 |

| | |
|---|---|
| പൊതിച്ചോറില്ലാത്ത സ്കൂൾ ബാഗുകൾ | 16-17 |
| കവിത- ജീവിതം | 18 |
| വര | 18-19 |
| Urban Flood Disaster Management | 20 |
| Drawing | 21 |
| Picture Time… | 22-24 |
| Mirror (Poem) | 25 |
| Cartoon | 26 |

# സന്ദേശം

സി. രവീന്ദ്രനാഥ്

വിദ്യാഭ്യാസ മന്ത്രി



കേരളം വിദ്യാഭ്യാസ രംഗത്ത് ഏറെ പുരോഗതി പ്രാപിക്കുന്ന സംസ്ഥാനമാണ്. ഡിജിറ്റിൽ വായനയുടെ പുതിയ ലോകത്തേക്ക് നമ്മുടെ വിദ്യാർത്ഥി സമൂഹത്തേയും എത്തിക്കുന്നതിനായി നടക്കുന്ന പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികൾക്കും ഇത്തരം ഒരു പുതിയ എഴുത്തിടം നവ്യാനുഭവമായി തീരും എന്നതിൽ സംശയമില്ല.

നരിയാപുരം സെന്റ് പോൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ***ഉണർവ്*** എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റിൽ മാഗസിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.

**സി. രവീന്ദ്രനാഥ്**

**വിദ്യാഭ്യാസ മന്ത്രി**



# സന്ദേശം

സാങ്കേതികവിദ്യയുടെ പുതിയ കാലത്ത് കൊച്ചുകൂട്ടുകാരുടെ വലിയ ശ്രമഫലമായാണ് ഇത്തരമൊരു മാഗസിൻ പ്രസിദ്ധപ്പെടുത്തുന്നത്. ഡിജിറ്റിൽ വായനയുടേതു മാത്രമായ ഒരു കാലഘട്ടത്തിലേക്കാണ് നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കുട്ടികളുടേതു മാത്രമായ ഡിജിറ്റിൽ മാഗസിനുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്.

സർഗാത്മക മികവിനൊപ്പം സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ബിജു ജോൺ**

**(പ്രധാനാധ്യാപകൻ)**



# സന്ദേശം

എല്ലാം ഡിജിറ്റലാവുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു സംരംഭം കുട്ടികളുടെ കഴിവുകളെ വളർത്തിക്കൊണ്ടു വരാൻ വളരെയേറെ സഹായകമാണ്. കൊച്ചു കൂട്ടുകാരിലെ സർഗാത്മക കഴിവുകളെ വളർത്താനുതകുന്ന പ്രവർത്തനങ്ങളുടെ നല്ലൊരു തുടക്കമാവട്ടെ ഇത് എന്ന് ആശംസിക്കുന്നു.

**ബിജു എം. തോമസ്**

(മാനേജർ)

# എഡിറ്റോറിയൽ



ദൈവത്തിന്റെ സ്വന്തം നാട്...

പച്ചപ്പിന്റെ കൈയ്യൊപ്പ് ചാർത്തിയ പ്രകൃതി...

വൈവിധ്യം നിറഞ്ഞ ഭാഷ

നമ്മുടേതു മാത്രമായ സംസ്കാരം.

ഈ ഡിജിറ്റിൽ മാഗസിനായി ഞങ്ങൾക്കൊപ്പം ചേർന്നു നിന്ന പ്രധാനാധ്യാപകൻ ബിജു ജോൺ സാറിനും ലിറ്റിൽ കൈറ്റ്സ് ചുമതലവഹിക്കുന്ന കന്നി ടീച്ചർ, **ബീ**ന ടീച്ചർ എന്നിവർക്കും ഞങ്ങളുടെ നന്ദി.

**ഐവിൻ ബിജു ജോൺ**

**(എഡിറ്റർ)**

# അതിജീവനത്തിന്റെ കേരളപാഠം

**ബീന കുര്യൻ**

(കൈറ്റ് മിസ്ട്രസ്)



കഴിഞ്ഞു പോകുന്ന ഓരോ നിമിഷവും നമുക്ക് ഓരോ ഓർമകളാണ്. ആ ഓർമകളിൽ ചിലതിനെ നാം അടയാളപ്പെടുത്തി വയ്ക്കും. അടുത്ത തലമുറയോടു പറയാനുള്ള ചരിത്രരേഖകളായിരിക്കും അത്. ലോക ചരിത്രത്തിൽ തന്നെ അതിജീവനത്തിന്റെ അതിശയിപ്പിക്കുന്ന അധ്യായം മലയാളി കുറിച്ച വർഷമാണ് 2018. കണ്ണീരിന്റെ ഉപ്പും അതിജീവനത്തിന്റെ മധുരവും മലയാളിക്ക് പകർന്ന വർഷം.

ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ മഹാമാരിയേയും പ്രളയത്തെയും നാം ഒറ്റക്കെട്ടായി നേരിട്ടു. ഭയത്തിന്റെ വിത്തുകൾ പാകിയ നിപ വയറസിനെ നാം നിർഭയം നേരിട്ടു. ലോകത്തിനു മുന്നിൽ കൊച്ചുകേരളം അതിജീവനത്തിന്റെ വലിയ സന്ദേശങ്ങൾ പകരുകയായിരുന്നു.



ഈ നൂറ്റാണ്ട് അനുഭവിച്ചറിഞ്ഞ ഏറ്റവും വലിയ പ്രളയം കടന്നുപോയ വർഷം എന്ന നിലയിലാകും ചരിത്രം 2018നെ അടയാളപ്പെടുത്തുന്നത്. ജീവനും ജീവിതവുമൊക്കെ നഷ്ടപ്പെട്ട കുറേ മനുഷ്യരുടെ കണ്ണീരു പടർന്ന വർഷം. ഒറ്റക്കെട്ടായി, ഒരേ മനസോടെ നമ്മളതിനെ നേരിട്ടു എന്നത് മറ്റൊരു സത്യം.

ചുറ്റും വെള്ളം ഉയർന്നപ്പോൾ അവർക്കുനേരെ ഉയർന്നത് സ്നേഹത്തിന്റെ നനവുള്ള ഒരായിരം കൈകളായിരുന്നു. ചിലരവരെ വാരിപ്പുണർന്നു. ചിലർ ഭക്ഷണവും വെള്ളവും നൽകി. മറ്റു ചിലർ തല ചായ്ക്കാൻ ഒരിടം നൽകി. എത്രയോ വീടുകളിൽ വാതിൽ ചാരാതെ, വിളക്കിന്റെ വെളിച്ചത്തിൽ സർവവും നഷ്ടപ്പെട്ടവരെ കാത്തിരുന്നവരുണ്ടായിരുന്നു. കേരളം ഒരൊറ്റ വീടായി മാറുന്ന അപൂർവനിമിഷം. ജാതിയും മതവും ഇല്ലാത്ത, കറുത്തവനും വെളുത്തവനും ഇല്ലാത്ത, ദൈവത്തിന്റെ സ്വന്തം നാടായി. മനുഷ്യൻ മനുഷ്യനെ തിരിച്ചറിയാൻ നമുക്കൊരു മഹാപ്രളയം വേണ്ടിവന്നെന്ന സങ്കടം മാത്രം.

2018 ആഗസ്റ്റ് മാസം മലയാളിയുടെ കലണ്ടറിൽ കറുപ്പ് മാത്രം പടർന്ന ദിവസങ്ങളായിരുന്നു. തുടർച്ചയായി പെയ്തു നിന്ന മഴ നോക്കി ആസ്വദിച്ചുവരേക്കാൾ ആശങ്കയോടെ നോക്കി കണ്ടവരായിരുന്നു കൂടുതൽ. മഴ പിന്നെയും ശക്തി പ്രാപിച്ചതോടെ മിക്ക ജില്ലകളിലും വെള്ളം ഇരച്ചെത്തി. അണക്കെട്ടുകളിലും വെള്ളം വേഗത്തിൽ ഉയർന്നുകൊണ്ടിരുന്നു. ഇടുക്കി, മുല്ലപ്പെരിയാർ, ഭൂതത്താൻകെട്ട്, പമ്പ... അണക്കെട്ടുകൾ ഓരോന്നായി മൂടി തുറന്നു കൊണ്ടിരുന്നു. വനമേഖലയിലും കനത്ത മഴ, കൂട്ടായി ഉരുൾപൊട്ടലും വ്യാപകമായി. സർവ സംഹാര താണ്ഡവമായി മഴവെള്ളം ഇരച്ചെത്തി. പുഴകൾ വഴി മാറി ഒഴുകി. അതോടെ മലയാളി ആദ്യമായി കേട്ടു ആശങ്കയുടെ റെഡ് അലേർട്ട്.

പ്രളയം അതിവേഗത്തിൽ കേരളത്തിൽ പടർന്നു പന്തലിച്ചു. മിക്ക ജില്ലകളും വെള്ളത്തിനടിയിലായി. അണക്കെട്ടുകൾക്കൂടി തുറന്നതോടെയാണ് പ്രശ്നം ഗുരുതരമായത്. ആഗസ്റ്റ് ഒമ്പതിന് ട്രയൽ റണ്ണായി ഇടുക്കി അണക്കെട്ടിലെ ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ തുറക്കാൻ തീരുമാനിച്ചു. ചെറുതോണിയിലും പെരിയാർ ഒഴുകിയെത്തുന്ന ആലുവ വരെയും റെഡ് അലർട്ട് പ്രഖ്യാപിച്ചു. 26 വർഷത്തിന് ശേഷം തുറന്ന ഇടുക്കി അണക്കെട്ടിലെ അഞ്ചു ഷട്ടറുകളാണ് തുറന്നത്. ഇതോടെ താഴെ എറണാകുളം ജില്ലയുടെ വടക്കുകിഴക്കൻ വനമേഖലയിലെ ഇടമലയാർ അണക്കെട്ടിന്റെ ഷട്ടറുകളും തുറന്നു.

പതിനൊന്നാം തിയതി പെരിയാർ പ്രളയജലം നിറഞ്ഞ് കിലോമീറ്ററുകൾ ഉള്ളിലേയ്ക്ക് കടന്നു. ആലുവ പകുതിയും മുക്കി. പറവൂർ, ആലുവ താലൂക്കുകളിലെ താഴ്ന്ന പ്രദേശങ്ങളാകെ മുങ്ങി.

ഇതിനിടയിൽ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, പാലക്കാട്, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലും പ്രളയം വ്യാപിച്ചു. ശബരിഗിരിയും കക്കിയുമുൾപ്പെടെ അണക്കെട്ടുകൾ തുറന്നതോടെ പത്തനംതിട്ട ജില്ല പൂർണമായി വെള്ളത്തിലായി. ചെങ്ങന്നൂർ പട്ടണം പൂർണമായി വെള്ളത്തിൽ മുങ്ങി. തൃശൂരിലെ മുഴുവൻ അണക്കെട്ടുകളും നിറഞ്ഞു. ചാലക്കുടിപ്പുഴ ഇരുകരകളെയും വിഴുങ്ങി. മലപ്പുറത്ത് ഭാരതപ്പുഴ നിറഞ്ഞുകവിഞ്ഞു. മലമ്പുഴ അണക്കെട്ട് തുറന്നുവിട്ടതോടെ പാലക്കാടും ആശങ്കയിൽ മുങ്ങി. കണ്ണൂരിലും കോഴിക്കോട്ടും മലയോര മേഖലയാകെ ഉരുൾപൊട്ടലും മണ്ണിടിച്ചലും വ്യാപകമായി.

മുല്ലപ്പെരിയാർ അണക്കെട്ടും നിറഞ്ഞതോടെ സ്പിൽവേ വഴി വെള്ളമൊഴുക്കാൻ തമിഴ്നാടും തയാറായി. ആഗസ്റ്റ് 14 ന് മുല്ലപ്പെരിയാറും തുറന്നതോടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പും താഴാത്ത അവസ്ഥയിലെത്തി കാര്യങ്ങൾ. അപ്പോഴും തോരാത്ത മഴ ആശങ്കകളെ കൂടുതൽ ഉയർത്തികൊണ്ടിരുന്നു. പമ്പയാറും അച്ചൻകോവിലാറും കരകവിഞ്ഞെത്തി കുട്ടനാട് വീണ്ടും മുങ്ങി. ഒരു വെള്ളപ്പൊക്കം കഴിഞ്ഞ് ആശ്വാസത്തിന്റെ വെളിച്ചം വീഴും മുമ്പായിരുന്നു മറ്റൊരു പ്രളയം കുട്ടനാട്ടിനെ മുക്കി കളയുന്നത്.

മുന്നറിയിപ്പ് ലഭിക്കാതെ പോയവരും മുന്നറിയിപ്പ് ലഭിച്ചിട്ടും അനുസരിക്കാതെപോയവരും പ്രളയജലത്താൽ വട്ടം കറങ്ങി. ദിവസങ്ങളോളം വേണ്ടി വന്നു നമുക്ക് പലരേയും കണ്ടെത്തി രക്ഷിക്കാൻ. യുദ്ധസമാനമായ അന്തരീക്ഷം. പൊലീസും പട്ടാളവും നാവികസേനയും ദേശീയ ദുരന്തനിവാരണസേനയുമടക്കം സർവ സന്നാഹവും രംഗത്തിറങ്ങിയതോടെ രക്ഷാപ്രവർത്തനങ്ങൾ അതിവേഗത്തിലാക്കി. അതിനേക്കാൾ ഒരേ മനസോടെ കേരളജനത മുഴുവൻ രക്ഷാപ്രവർത്തനത്തിൽ പങ്കാളികളാകുകായിരുന്നു. യുവാക്കൾ നവമാധ്യമങ്ങൾ വഴി രക്ഷാപ്രവർത്തനത്തിന് നൽകിയ

ഏകോപനം അത്ര ചെറുതായിരുന്നില്ല. കൃത്യമായി വിവരങ്ങളും ആവശ്യങ്ങളും അവർ കൈമാറിയതോടെ രക്ഷാപ്രവർത്തിന് പുതിയാമാനം അവർ കണ്ടെത്തി.



പ്രാർത്ഥനയോടെ ഉറ്റവരെ കാത്തിരിക്കുന്നവരുടെ കണ്ണീരൊപ്പാൻ കേരളം കാണിച്ച വലിയ മാതൃകയെ ലോകം മുഴുവൻ വാഴ്ത്തി. വീടിന്റെ മുകൾ ഭാഗങ്ങളിൽ കുടുങ്ങി കിടക്കുന്നവരെ രക്ഷിക്കാൻ ഹെലികോപ്പ്റ്ററുകൾ പറന്നെത്തി. കുതിച്ചെത്തുന്ന കടൽ വെള്ളത്തിൽ തുഴ എറിഞ്ഞു മത്സരിക്കുന്ന കടൽ മക്കൾക്കൂടി രക്ഷാപ്രവർത്തനത്തിനെത്തി. ബോട്ടുമായി രക്ഷാ പ്രവർത്തിന് അവരിറങ്ങിയതോടെ കാര്യങ്ങൾ കൂടുതൽ ഉഷാറായി. നമ്മുടെ ജീവൻ രക്ഷിക്കാനിറങ്ങി മരണത്തിന് കീഴ്പ്പെട്ടവർ മറ്റൊരു കണ്ണീരോർമ.

പതിനായിരക്കണക്കിന് ക്യാമ്പുകളാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി തുറന്നത്. ഭക്ഷണവും വസ്ത്രവും അടക്കം സർവ സാധനങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കേരളത്തിലേക്ക് ഒഴുകി എത്തി. ദിവസങ്ങളോളം ക്യാമ്പുകളിൽ കഴിഞ്ഞ ലക്ഷക്കണക്കിന് ജനങ്ങൾക്കൊപ്പം കേരളം സഞ്ചരിച്ചു. അവരെ സഹായിക്കാനും ചേർത്തു പിടിക്കാനും മത്സരിച്ചു. ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് പോകുന്ന ജനങ്ങളെ സഹായിക്കാനും നമ്മുടെ കേരള സമൂഹം മറന്നില്ല. അതിവേഗത്തിൽ കാര്യങ്ങൾ പഴയപടിയാക്കാൻ നമുക്ക് കഴിഞ്ഞുവെന്നത് ചരിത്രം. മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്രളയത്തിൽ തകർന്ന കേരളമല്ലിത്. അതിജീവിച്ചു കുതിച്ച കേരളമാണിത്. ലോകം കണ്ടുപഠിക്കട്ടെ, കേരളത്തിന്റെ അതിജീവന സിദ്ധാന്തം.

# പത്തനംതിട്ട ജില്ലയുടെ ചരിത്രം

**അതുല്യാ എം**

ഒൻപത് ബി



ജനസംഖ്യയിലും വിസ്തൃതിയിലും റവന്യൂ വരുമാനത്തിലും ഏറെ മുന്നിൽ നിന്ന കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു ഒരിക്കൽ നമ്മുടെ പത്തനംതിട്ടയും. 1979ൽ അന്നത്തെ പത്തനംതിട്ട ബാർ അസോസിയേഷൻ പ്രവർത്തകരാണ് ആദ്യമായി ജില്ലാ രൂപീകരണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. പത്തനംതിട്ടയിൽ അഡീഷണൽ ജില്ലാ സെഷൻസ് കോടതി സ്ഥാപിക്കുവാൻ ശ്രമിച്ചപ്പോൾ റവന്യൂ ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ മാത്രമേ അത്തരം കോടതികൾ അനുവദിക്കു എന്ന ഹൈക്കോടതി തീരുമാനത്തെ തുടർന്നായിരുന്നു ഈ നീക്കം. ഇതേ തുടർന്ന് അന്നത്തെ എംഎൽഎ ഡോ. ജോർജ് മാത്യു ജില്ലാ രൂപീകരണം എന്ന ആവശ്യം നിയമസഭയിൽ ഉന്നയിച്ചു. 1980ൽ പത്തനംതിട്ട ബാർ അസോസിയേഷന്റെ നേതൃത്വത്തിൽ പുതിയ ജില്ലയ്ക്കായി വീണ്ടും ഗവൺമെന്റിനെ സമീപിച്ചു. അന്നത്തെ ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരും ഈ ആവശ്യവുമായി രംഗത്തെത്തി. ഇതോടെ ജില്ലാ രൂപവത്ക്കരണ സമിതിയും രൂപീകരിച്ചു.

ഇതിനിടയിൽ നടന്ന രാഷ്ട്രീയസംഭവ വികാസങ്ങൾ നായനാർ മന്ത്രിസഭയുടെ പതനത്തിന് കാരണമായി. ആ നിയമസഭയിലെ സ്വതന്ത്രനായിരുന്ന പത്തനംതിട്ട എംഎൽഎ കെ. കെ. നായർ ഇതോടെ നിർണായക ഘടകമായി. മന്ത്രി സ്ഥാനം ഉൾപ്പെടെ വാഗ്ദാനം ചെയ്തിട്ടും പദവികളൊന്നും വേണ്ട, ജില്ല മതി എന്ന തീരുമാനത്തിൽ കെ. കെ. നായർ ഉറച്ചു നിന്നു. അങ്ങനെ കെ. കരുണാകരൻ മന്ത്രിസഭ ജില്ലാ രൂപീകരണം എന്ന തീരുമാനത്തിന് അംഗീകാരം നൽകി. എന്നാൽ ഈ മന്ത്രിസഭയും തകർന്നതോടെ ജില്ലാ രൂപീകരണം പിന്നെയും നീണ്ടു. 1982ൽ വീണ്ടും കെ. കരുണാകരൻ മന്ത്രിസഭ അധികാരത്തിൽ വന്നതോടെ ജില്ലാ രൂപീകരണത്തിന് വഴി തെളിഞ്ഞു. 1982 നവംബർ ഒന്നിന് പത്തനംതിട്ട ജില്ലാ എന്ന പ്രഖ്യാപനവും നടന്നു.

# കാർട്ടൂൺ


അലഞ്ഞുതിരിഞ്ഞു നടക്കുന്ന മൃഗങ്ങളെ മുനിസിപ്പാലിറ്റിക്കാർ പിടിച്ചോണ്ടു പോകുമെന്നോ
ചായകുടിക്കാനെന്നും പറഞ്ഞ് രാവിലെയിറങ്ങി

ശ്വേത എസ്.

# ലോകം കണ്ടറിഞ്ഞ ആറന്മുളക്കണ്ണാടി

**ആരോമൽ അജയ്**

ഒൻപത് എ



ആറന്മുളയെ ലോകം കാണുന്നത് ആറന്മുളക്കണ്ണാടിയിലൂടെയാണ്. ലോകത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിയതും ഭൗമസൂചിക അംഗീകാരം ലഭിച്ചതുമായ ഉൽപന്നമാണ് ആറന്മുളക്കണ്ണാടി. ചെമ്പും വെളുത്തീയവും ഒരു പ്രത്യേക അനുപാതത്തിൽ ചേർത്ത് ഉണ്ടാക്കുന്ന കൂട്ടുലോഹമാണു കണ്ണാടിയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. സാധാരണ കണ്ണാടികളിൽ പ്രതിബിംബം ഗ്ലാസിനു പിറകിലെ രസപാളിയിലാണു രൂപപ്പെടുന്നത്. അതിനാൽ പ്രതിബിംബത്തിനു വ്യതിയാനം സംഭവിക്കുന്നു. ആറന്മുള കണ്ണാടിയുടെ പ്രതലത്തിലാണു പ്രതിബിംബം രൂപപ്പെടുക. ഇത് യഥാർഥ വസ്തുവിന്റെ രൂപത്തോടു പൂർണമായ സാമ്യം പുലർത്തും. ആറന്മുള കണ്ണാടി നിർമാണത്തിലെ രഹസ്യക്കൂട്ട് ഇവിടെയുള്ള ചില കുടുംബങ്ങൾക്കു മാത്രമാണ് ഇന്നും അറിയുന്നത്.

കവിത

# ഭൂമിയുടെ സ്വപ്നങ്ങൾ

ആതിര ആർ.

സ്വപ്നങ്ങൾക്ക്
ചിറക് മുളക്കുമെന്നു
ഉണ്ണിക്കുട്ടൻ
ഇന്നലെ ഒരു കഥയിൽ
വായിച്ചതേയുള്ളൂ
അതാ...
മണ്ണ് തുളച്ചു
പറന്നുയരുന്നു
ഭൂമിയുടെ സ്വപ്നങ്ങൾ
ചിറകറ്റു പിടയുന്ന
സ്വപ്നങ്ങളെ
ചോണനുറുമ്പുകൾ
വലിച്ചിഴച്ചു കൊണ്ട് പോകുന്നു.

ചാവാനായിട്ട് ജനിക്കുന്നു
പുതുമഴ പെയ്താൽ മതി
പാവങ്ങൾ, മഴപ്പാറ്റകൾ!

# വായനയുടെ വളർത്തച്ഛൻ

ലാവണ്യ എസ്. ലാലു

ഒൻപത്. ബി



വായനയുടെ പ്രകാശം മലയാളിക്ക് പകർന്ന മഹത് വ്യക്തിയാണ് പി. എൻ. പണിക്കർ. പുതുവായിൽ നാരായണപണിക്കർ എന്നാണ് പൂർണനാമം.വായനയുടെ വളർത്തച്ഛൻ എന്നറിയപ്പെടുന്ന പി. എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 ആണ് വായനാദിനമായി ആചരിക്കുന്നത്. കേരളത്തിൽ സാക്ഷരതാപ്രവർത്തനത്തിനും ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും അടിത്തറ പാകിയത് പി. എൻ. പണിക്കറാണ്. വായിച്ചു വളരുക എന്ന മുദ്രാവാക്യവുമായി പ്രവർത്തിച്ച അദ്ദേഹം കേരള ഗ്രന്ഥശാലാ സംഘം, കാൻഫെഡ്, (കേരള അസോസിയേഷൻ ഫോർ നോൺ ഫോർമൽ എജ്യൂക്കേഷൻ ആൻഡ് ഡെവലപ്പ്മെന്റ് ) എന്നിവയ്ക്ക് നേതൃത്വം നൽകി.

# പൊതിച്ചോറില്ലാത്ത സ്കൂൾബാഗുകൾ

**കാർത്തിക എസ്.**

ഒൻപത് ബി

സ്കൂൾ ജീവിതത്തിലെ ഏറ്റവും മധുരമുള്ള ഓർമകളിൽ വയറും മനസും ഒരുപോലെ നിറയ്ക്കുന്ന ഒന്നായിരുന്നു പൊതിച്ചോറ്. വാഴയിലയുടെ തണ്ട് കീറിയെടുത്ത് തീയിലിട്ട് ഒന്ന് വാട്ടി എടുക്കും. അതിലേക്ക് പകരുന്ന ചൂടു ചോറും മോരു കറിയും. ചെറിയ ഇലകളിൽ പൊതിഞ്ഞ നല്ല രസികൻ ചമ്മന്തിയും കടുമാങ്ങാ അച്ചാറും മെഴുക്കുപുരട്ടിയും പിന്നൊരു മുട്ടപൊരിച്ചതും. മിക്ക ഇലകളിലേയും പതിവു വിഭവങ്ങൾ ഇതൊക്കെയായിരുന്നു. ഓർക്കുമ്പോൾ തന്നെ വായിൽ വള്ളംകളി നടത്താനുള്ള വെള്ളമെത്തും. പൊതിച്ചോറിൽ നമുക്കറിയാത്ത ഒരു രസക്കൂട്ടുകൂടി അമ്മ ചേർക്കുമായിരുന്നു, അമ്മയുടെ വാൽസല്യം നിറഞ്ഞ സ്നേഹം. അതാണത്രേ ഈ പൊതിച്ചോറുകൾക്ക് ഇത്ര രുചി വന്നത്. ന്യൂസ് പേപ്പറിൽ പൊതിഞ്ഞ് കുപ്പിയിൽ വെള്ളവുമായി അമ്മ എത്തും. 'ചോറുകൊണ്ടു കളഞ്ഞിട്ടു വന്നാലുണ്ടല്ലോ' എന്ന അമ്മയുടെ ശകാരവും കേട്ട് സ്കൂളിലേക്കു പോയവർക്കറിയാം അതിന്റെ സുഖം.

കാലം മാറിയതോടെ പരിഷ്കാരങ്ങളും ഏറി. ഇപ്പോഴിതാ, ഇനി മുതൽ സ്കൂളുകളിൽ ഭക്ഷണപ്പൊതികൾ കൊണ്ടുവരാൻ അനുവദിക്കരുതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ നിർദ്ദേശവും പുറപ്പെടുവിച്ചിരിക്കുന്നു. പകരം സ്റ്റീൽ ടിഫിൻ ബോക്സ് ഉപയോഗിക്കാനാണ് നിർദേശം. ഹരിതപെരുമാറ്റചട്ടങ്ങള് ചില സ്കൂളുകൾ പാലിക്കുന്നില്ലെന്നു കണ്ടെത്തിയതിനെ തുടർന്നാണ് പുതിയ നിർദേശം.



എന്തൊക്കെയായാലും ഏതൊരു മലയാളിയുടെയും മൂക്കിൽ ഇന്നുമുണ്ട് പൊതിച്ചോറിന്റെ മണവും നാവിലാ രുചിയും. സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം ആരംഭിച്ചപ്പോഴും പൊതിച്ചോറു കൊണ്ടുവരുന്നവരുടെ എണ്ണത്തിൽ വലിയ കുറവൊന്നും വന്നിട്ടുമില്ല

ഉച്ചയ്ക്കത്തെ പിരീഡും കഴിഞ്ഞ് ചോറുണ്ണാനുള്ള ബെല്ലടിക്കുന്നൊരു നേരമുണ്ട്. ബാഗും തുറന്ന് പൊതിച്ചോറു വലിച്ചെടുക്കും. ചിലപ്പോഴാ കൈപോലും കഴുകാതെ പൊതി തുറക്കും. ചോറും കറിയുമൊക്കെ അടങ്ങി ഒതുങ്ങി നല്ല അച്ചടക്കത്തോടെ ഇലയിൽ ഇരിക്കുന്നുണ്ടാകും. എല്ലാം

ചേർത്തൊരു കുഴയ്ക്കലുണ്ട്. വാട്ടിയവാഴയിലേക്ക് ഭക്ഷണപദാർത്ഥങ്ങൾ ചേരുമ്പോൾ കിട്ടുന്ന ഒരു സുഖമുണ്ടല്ലോ. അതൊരു പറഞ്ഞറിയ്ക്കാൻ കഴിയാത്ത രസക്കൂട്ടാണ്. ഇതിനിടയിൽ അടുത്തിരിക്കുന്നവന്റെ പൊതിച്ചോറിലേക്ക് കണ്ണു പായും. അതിലെ വിഭവങ്ങളും തന്റെ ഇലയിലേക്കു പകരും. ഒരു പൊതിച്ചോറിൽ നിന്നും കഴിക്കാൻ എത്തുന്നത് എത്രയോ കൈകളായിരിക്കും. അങ്ങനെ കൊടുത്തും വാങ്ങിയും ഭക്ഷണം കഴിച്ചപ്പോൾ മലയാളി പഠിച്ചത് പങ്കുവയ്ക്കലിന്റെ ആദ്യ പാഠങ്ങൾ കൂടിയായിരുന്നു. അങ്ങനെ പൊതിച്ചോറുകളും സ്കൂളിന്റെ പടിക്ക് പുറത്താകുന്നു. ഇനി ഒരു കൈ കഷ്ടിച്ച് ഇറങ്ങാൻ പാകത്തിന് ടിഫിൻ ബോക്സുകൾ ഇടം പിടിയ്ക്കും.

---

# കാർട്ടൂൺ




അർജുൻ അനീഷ്

കവിത

# ജീവിതം...

ഐശ്വര്യ രാജ്മോഹൻ

ഒൻപത് ബി

വേര് തേടിയൊരു യാത്ര,

ആഴത്തിൽ ഒരുപാട് കുരുക്കുകൾ.

ചിന്തകൾ...

അരിച്ചെടുക്കണമെന്നാഗ്രഹം,

ഒടുക്കം, അരിച്ചതിലും നിറയെ

മണൽത്തരികൾ.

ഇനിയെന്തെന്നോർത്തപ്പോൾ,


വാക്കുകൾ വരണ്ടപ്പോൾ,

മൂന്നു കുത്തിൽ നിറയുന്നു


ജീവിതം...

......................

# വര...



ആദിത്യൻ കെ. വി.



മഹി സുനിൽ

# Urban Flood Disaster Management

**IVIN BIJU JOHN**

9 B




Flood impact is one of the most significant disasters in the world. More than half of global flood damages occur in Asia. Causes of floods are due to natural factors such as heavy rainfall, high floods and high tides, etc., and human factors such as blocking of channels or aggravation of drainage channels, improper land use, deforestation in headwater regions, etc. Floods result in losses of life and damage properties.

Population increase results in more urbanization, more impervious area and less infiltration and greater flood peak and runoff. Problems become more critical due to more severe and frequent flooding likely caused by climate change, socio-economic damage, population affected, public outcry and limited funds. Flood loss prevention and mitigation includes structural flood control measures such as construction of dams or river dikes and non-structural measures such as flood forecasting and warning, flood hazard and risk management, public participation and institutional arrangement, etc.

This paper describes concepts, policy, plan and operation on integrated urban flood disaster and risk management. In most developing countries, flood disaster management activities are handled by government. Participation of non-governmental agencies and private sectors are very limited. Activities are exercised rather independently without proper coordination or integration. Flood disaster management in developing countries is mostly reactive responding to prevailing disaster situations (emergency response and recovery). Reactive response should be changed to proactive response to increase effectiveness of management and reduce losses of life and properties. Proactive disaster management requires more participation from various governments, non-governmental and private agencies and public participation. It involves more effort and time, more budget, equipment, facilities and human resources which leads to integration of flood disaster management for both long term and short term activities. Strategic framework on integrated flood disaster management includes four cyclic steps namely: 1) preparedness before flood impact such as flood forecasting and warning; 2) readiness upon flood arrival; 3) emergency responses during flood impact and; 4) recovery and rehabilitation after flood impact. Examples on urban flood disaster and risk management in Thailand are illustrated and discussed. Conclusions and recommendations for further improvement are provided.



അർച്ചന എസ്. മുരളി

# PICTURE TIME…

**Distribution of study materials to the students of flood affected areas, organized by Little Kites of St.Pauls High School, Nariyapuram.**

































**POEM**

# MIRROR…

**Jesna Philipose**

9 B

“Mirror Oh Mirror…”

The little girl recollected,

The lines from ‘Snow White.’

“Mirror Oh Mirror… Tell me,

Who is the most beautiful in this world?”

The mirror in front of her

Could reflect no one but her.

The little girl jumped up high,

In joy she laughed out loud.

Mother came in and hugged her.

“Dear Oh Dear,

You are the most beautiful, believe it,

You are the prettiest when you are yourself.

Believe in yourself, you are the best!”

# Cartoon




ക്രിസ്റ്റി അനിൽ കോശി

# തയ്യാറാക്കിയത്

ഐവിൻ ബിജു ജോൺ (എഡിറ്റർ)

അതുല്യ എം.

നന്ദന എ.

ശ്വേത എസ്.

ആരോമൽ അജയ്

ആതിര ആർ.

ലാവണ്യ എസ്. ലാലു

കാർത്തിക എസ്.

അർജുൻ അനീഷ്

ആദിത്യൻ കെ. വി.

ഐശ്വര്യ രാജ്മോഹൻ

മഹി സുനിൽ

അർച്ചന എസ്. മുരളി

ജെസ്നാ ഫിലിപ്പോസ്

ക്രിസ്റ്റി അനിൽ കോശി